ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇതു് ഏറ്റവും ഫലപ്രദമായ നിലയിൽ നടപ്പാക്കുന്നതിനാവശ്യമായ എല്ലാ നിർദ്ദേശം കൊടുക്കുന്നതിനും ഗവണ്മെൻറിനു വിരോധമില്ല. ഏതായാലും ഗവണ്മെൻറു് ഇപ്പോൾ കിട്ടിയിരിക്കുന്ന അറിവുവച്ചുകൊണ്ടു് ഒരു നാലഞ്ചുമാസത്തെ പ്രവർത്തനം പ്രായോഗികമായി പരിശോധിച്ചതിനുശേഷം ബുദ്ധിമുട്ടുണ്ടാകുകയാണെന്നു കാണുകയാണെങ്കിൽ ആവശ്യമായ ഭേദഗതി വരുത്താം.

ശ്രീ. ആർ. സുഗതൻ : റവ. ബി. ക്ലിനിക്കുകളിൽ മരുന്നു കഴിച്ചുവരുന്ന ആളുകൾക്കു് ഈ സഹായം ലഭിക്കുന്നില്ല എന്നുള്ള കാര്യം ഗവണ്മെൻറിനറിയാമോ ? ആലപ്പുഴയിൽ ഇങ്ങനെയുള്ള പലർക്കും ധനസഹായം ലഭിക്കാതെ പോയ വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കഴിച്ചുവച്ചാലും ഇല്ലെങ്കിലും അതൊരു മാനദണ്ഡമായി സ്വീകരിച്ചു് ആർക്കും സഹായം നിഷേധിക്കുകയില്ല.

ശ്രീ. കെ. എം. ജോർജ്ജു് : എറണാകുളം ജില്ലയിൽ നാലു അപേക്ഷകരും മാത്രമാണു് അനുവദിച്ചതായി പറഞ്ഞതു്. എന്നാൽ വളരെയധികം അപേക്ഷകരും ഡാക്ടർമാർ വാങ്ങിവച്ചതിനുശേഷം അതു് യഥാസമയം ശുപാർശചെയ്തു് കളക്ടറേറിലേയ്ക്കു് അയയ്ക്കാത്തതിന്റെ ഫലമായിട്ടാണു് അവിടെ ഇത്ര കുറഞ്ഞുപോയതു് എന്നുള്ളതിനെ പരിഗണിച്ചു് ഈ കാലതാമസം ഒഴിവാക്കുവാൻ വേണ്ട നിർദ്ദേശം ഗവണ്മെൻറു കൊടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ വളരെ അപേക്ഷകരും കെട്ടിക്കിടക്കുന്നതായി ഗവണ്മെൻറിനു് അറിവില്ല. 42 അപേക്ഷകളാണു് എറണാകുളത്തു കിട്ടിയിട്ടുള്ളതു്. പ്രായോഗികമായ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

വിജിലൻസു കമ്മിഷൻ

* 147. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഭരണകൂടത്തിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനും ഭരണസംവിധാനം കാര്യക്ഷമമാക്കുന്നതിനും ഈ ഗവണ്മെൻറു് പ്രത്യേകമായ എന്തെങ്കിലും നടപടികളും സ്വീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനെസംബന്ധിച്ചു് ആലോചിക്കുന്നതിനു് ഡൽഹിയിൽ കൂടിയ സംസ്ഥാന ആഭ്യന്തരകാര്യമന്ത്രിമാരുടെ സമ്മേളനത്തിൽ എടുത്ത തീരുമാനങ്ങളും എന്തെല്ലാമാണെന്നു് പറയാമോ ;

(സി) ഈ സംസ്ഥാനത്തിലും ഒരു വിജിലൻസു് കമ്മിഷനെ നിയമിക്കുമോ ;

(ഡി) എങ്കിൽ ആ നിയമനം എന്നു് നടക്കുമെന്നു് പറയാമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) കേന്ദ്രവിജിലൻസു് കമ്മിഷന്റെ മാതൃകയിൽ ഈ സ്റ്റേറ്റിലും ഒരു കമ്മിഷനെ നിയമിക്കുന്നകാര്യം ആലോചിച്ചുവരികയാണു്.

(ബി) തീരുമാനങ്ങളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുവാൻ നിവൃത്തിയില്ല. സംസ്ഥാനങ്ങളിലും വിജിലൻസു് കമ്മിഷനുകൾ നിയമിക്കുന്ന കാര്യമാണു് സമ്മേളനത്തിൽ പ്രധാനമായും ചർച്ചചെയ്തതു്.

(സി) ഈ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്.

(ഡി) നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : വിജിലൻസ് കമ്മിഷനെ നിയമിക്കുന്നതിനെ സംബന്ധിച്ച് കേന്ദ്രഗവണ്മെൻറിൽനിന്നും എന്തെങ്കിലും നിർദ്ദേശം ഈ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു വ്യക്തമാക്കുമോ?

ശ്രീ. ആർ. ശങ്കർ : അന്നു കൂടിയ കാൺഫറൻസിന്റെ മിനിട്സ് മാത്രമേ ഇവിടെ കിട്ടിയിട്ടുള്ളു.

ശ്രീ. എം. നാരായണക്കുറുപ്പ് : വിജിലൻസ് കമ്മിഷന്റെ പദവി എന്തായിരിക്കും, അതു നിശ്ചയിക്കുന്നതും നിയന്ത്രിക്കുന്നതും ആരായിരിക്കും, ആരുടെ അഴിമതിയെപ്പറ്റി അന്വേഷണം നടത്താനാണു ഈ കമ്മിഷനു അധികാരം കൊടുക്കുന്നതു് എന്നും മറ്റുമുള്ള കാര്യത്തെപ്പറ്റി എന്തെങ്കിലും ഒരു തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ : ഈ പറഞ്ഞ വിവരങ്ങളും ഇനിയും തീരുമാനിച്ചിട്ടില്ല.

ശ്രീ. ഈ. പി. ഗോപാലൻ : ഈ സംസ്ഥാനത്തു് അഴിമതിനിരോധന നടപടികളും ഇപ്പോഴത്തന്നെ ഫലപ്രദമായി നടക്കുന്നുണ്ടു്. വളരെപ്പേരുടെ പേരിൽ ഇതിനകം നടപടികളും എടുത്തുകഴിഞ്ഞിട്ടുണ്ടെന്നും അതിന്റെ ഫലമായി ഇവിടെ ഒരു വിജിലൻസു് കമ്മിഷന്റെ നിയമനം ആവശ്യമില്ലെന്നും ഉള്ള കാര്യത്തെപ്പറ്റി ഉത്തരവാദപ്പെട്ട കേന്ദ്രങ്ങളിൽനിന്നു് അഭിപ്രായങ്ങൾ പൊന്തിവന്നിട്ടുള്ളതു് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇങ്ങനെ ഒരു കമ്മിഷനെ നിയമിക്കാൻ ഗവണ്മെൻറിനു ആലോചനയുണ്ടെങ്കിൽ ഈ സംസ്ഥാനത്തിനു് വെളിയിൽനിന്നു് പ്രാപ്തനായ ഒരാളെ ഇതിനു വേണ്ടി തിരഞ്ഞെടുത്തുകൊണ്ടുവരണമെന്നുള്ള അഭിപ്രായത്തെപ്പറ്റി ഗവണ്മെൻറു് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ : വിജിലൻസു് കമ്മിഷനെ നിയമിക്കണമെന്നുള്ള കാര്യത്തെപ്പറ്റി ആലോചിച്ചുവരികയാണെന്നു മാത്രമാണു് ഞാൻ പറഞ്ഞതു്. ആശയത്തിനു വിരുദ്ധമായി ഉത്തരവാദപ്പെട്ട ഏതെങ്കിലും കേന്ദ്രത്തിൽനിന്നു് പ്രസ്താവന ഉണ്ടായതായി എനിക്കറിവില്ല. ഈ സംസ്ഥാനത്തു് സാമാന്യം കാര്യക്ഷമമായ രീതിയിൽ വിജിലൻസു് പ്രവർത്തനങ്ങൾ നടക്കുന്നുണ്ടു് എന്ന അഭിപ്രായം ഗവണ്മെൻറിനുണ്ടു്. എന്നാൽ അതു് സമഗ്രവും എല്ലാ കേസ്സും ഉൾപ്പെടുന്നതാണെന്നുമുള്ള അഭിപ്രായമില്ല. സാധിക്കുമെങ്കിൽ വിജിലൻസു് കമ്മിഷന്റെ അധികാരപരിധിയിൽ എല്ലാത്തരം അഴിമതികളും ഉൾപ്പെടുത്തണമെന്ന വിചാരം ഗവണ്മെൻറിനുണ്ടു്. ഈ ആലോചന ഗവണ്മെൻറിനു് ആദ്യംമുതല്ലേയുള്ളതാണു്. എന്നാൽ വ്യക്തമായി ഏതു പരിധിവരെ പോകുമെന്നു ഇപ്പോഴും പറയുവാൻ നിവൃത്തിയില്ല. വിജിലൻസു് കമ്മിഷനെപ്പറ്റിയുള്ള ആലോചന കേന്ദ്ര ഹോംമിനിസ്ട്രിക്കുണ്ടായ കാലം മുതല്ലേ ഇവിടെയും ഉണ്ടായതാണു്.

ശ്രീ. പി. എസ്സു്. ശ്രീനിവാസൻ : നമ്മുടെ മന്ത്രിമാരുടെ പേരിൽ വളരെ ഗുരുതരമായ അഴിമതി ആരോപണങ്ങളും ഉന്നയിക്കപ്പെട്ടിട്ടുണ്ടു്. മേലിയിൽ ഉന്നയിക്കപ്പെട്ടുകൂടെന്നുമില്ല. മന്ത്രിമാരുടെ പേരിലും എം. എൽ. എ. മാരുടെ പേരിലും ഇങ്ങനെ ആരോപണങ്ങളും ഉന്നയിക്കപ്പെട്ടാൽ അതേപ്പറ്റി അന്വേഷിക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിക്കുന്നതിനുംവേണ്ടി എന്തെങ്കിലും പ്രത്യേക മെഷീനറി ഉണ്ടാക്കാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ഒന്നും ആലോചിക്കുകയോ, തീരുമാനിക്കുകയോ ചെയ്തിട്ടില്ല. മന്ത്രിമാരേയും എൽ. എൽ. എ. മാരേയും വേറൊരു കാറ്റഗറിയായി കാണേണ്ട ആവശ്യമുണ്ടെന്ന അഭിപ്രായമുണ്ടു്. എന്നാലും അവരുടെയിടയിൽ അഴിമതിയുണ്ടായാൽ അന്വേഷിക്കുന്നതിനു് ഒരു മെഷീനറി ആവശ്യമാണെന്ന വിചാരമുണ്ടു്. ഇപ്പോഴും ഉദ്ദേശിക്കുന്ന വിജിലൻസു് കമ്മിഷന്റെ അധികാരപരിധിയിൽ ഏതെല്ലാം കാര്യങ്ങളും കൊണ്ടുവരണമെന്നുള്ള കാര്യത്തെപ്പറ്റി ഇതേവരെ ഗൗരവമായി ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് ; കേന്ദ്രവിജിലൻസ് കമ്മീഷന്റെ മാതൃകയിൽ ഇവിടെ ഒരു കമ്മീഷനെ നിയമിക്കാൻ ആലോചനയുണ്ടെന്നു പറഞ്ഞു. അവിടെ കമ്മീഷന്റെ പേരുതന്നെ പ്രഖ്യാപിച്ചുകഴിഞ്ഞു. ഈ കമ്മീഷന്റെ അധികാരവും പരിധിയുമൊക്കെ നിശ്ചയിക്കാതെയാണോ കേന്ദ്രഗവണ്മെന്റ് ഇങ്ങനെയൊരു ആളെത്തന്നെ ഇപ്പോൾ നിയമിച്ചിട്ടുള്ളതു് ?

ശ്രീ. ആർ. ശങ്കർ : അതിനെ സംബന്ധിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ സ്റ്റേറ്റ് ഗവണ്മെന്റിനു് ഇതുവരെ ലഭിച്ചിട്ടില്ല.

ഗ്രാമീണശുദ്ധജലവിതരണ പ്രവർത്തനം

* 148. [3] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ ഗ്രാമങ്ങളിൽ ശുദ്ധജല വിതരണത്തിനായി തിരഞ്ഞെടുത്തു് പ്രയോറിറ്റി ലിസ്റ്റിൽ പെടുത്തിയ താലൂക്കുകൾ ഏതെല്ലാം ;

(ബി) കുഴൽക്കിണറുകൾ സ്ഥാപിക്കാൻ ഉപയോഗിക്കുന്ന എത്ര ബോറിംഗ് മീഷ്യനുകൾ (കുഴൽ താഴ്ത്തുന്ന യന്ത്രങ്ങൾ) ഇന്നു് പബ്ലിക് ഹെൽത്തു് വകുപ്പിന്റെ വകയായി ഉണ്ടു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഗ്രാമീണ ശുദ്ധജല വിതരണത്തിനു് മുൻഗണന നിശ്ചയിക്കുന്നതു് താലൂക്കടിസ്ഥാനത്തിലല്ല. പ്രത്യുത വില്ലേജടിസ്ഥാനത്തിലാണു്. സ്റ്റേറ്റിലെ മിക്കവാറും എല്ലാ വില്ലേജുകളേയും ഉൾപ്പെടുത്തിയിട്ടുള്ളതിൽനിന്നും സ്റ്റേറ്റു് വാട്ടർസപ്ലൈബോർഡു് ജലദൗർല്ലഭ്യത്തെ അടിസ്ഥാനമാക്കി മുൻഗണന കൊടുത്തു് പദ്ധതികൾ തിരഞ്ഞെടുക്കുന്നതാണു്.

(ബി) 15.

ശ്രീ. ആർ. സുഗതൻ : തുക്കുന്നപ്പുഴ, ആറാട്ടുപുഴ വില്ലേജുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു് ഇപ്പോൾ കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. സി. എ. മാത്യു : ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയനുസരിച്ചു് കിണറുകൾ കുഴിക്കുന്നതിനു് തുക അനുവദിച്ചിട്ടുള്ളതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്. എന്നാൽ പൈപ്പു വാട്ടർസപ്ലൈയ്ക്കുവേണ്ടി ആ തുക വിനിയോഗിക്കുവാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. ഈ കിണറു കുഴിക്കുന്നതിനു് നീക്കിവച്ചിരിക്കുന്ന തുക ഡൈവർട്ടു് ചെയ്തു പൈപ്പു് വാട്ടർസപ്ലൈയ്ക്കു് ഉപയോഗിക്കുന്നതിനു വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ആ സംഖ്യ പൈപ്പു് വാട്ടർസപ്ലൈയ്ക്കു് ഉപയോഗിക്കുവാൻ നിവൃത്തിയില്ലെന്നു പറഞ്ഞതു് ശരിയല്ല. ആ സംഖ്യ അനുവദിച്ചിട്ടുള്ളതു് കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റു് ഡിപ്പാർട്ടുമെന്റിനാണു്. അതു് ഓരോ ഡിസ്ട്രിക്റ്റിലേക്കായി അലോട്ടുചെയ്തുകൊടുത്തിരിക്കുകയാണു്. മുഴുവൻ സംഖ്യയും അതിനുവേണ്ടി ചെലവാക്കുവാൻ സാധിക്കുകയില്ലെന്നു സംശയം വന്നതുകൊണ്ടു് ആ സംഖ്യ പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെന്റിലേക്കു് ട്രാൻസ്ഫർ ചെയ്തു് പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെന്റു് അതനുസരിച്ചു് പൈപ്പു് വാട്ടർസപ്ലൈയ്ക്കുവേണ്ടി ആ പണം ചെലവാക്കിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. കൃഷ്ണൻ : തീരപ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കുഴൽക്കിണറുകൾ ഇന്നു് ഉപയോഗശൂന്യമായി കിടക്കുകയാണു്. അതുകൊണ്ടു് ശാസ്താംകോട്ടനിന്നു വെള്ളമെടുത്തു് പൈപ്പുവഴി നീണ്ടകര, ചവറ മുതലായ തീരപ്രദേശങ്ങളിൽ ശുദ്ധജലവിതരണം നടത്തുന്നതിനു് വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly